**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 454** **08-06-2021 - ൽ മറുപടിയ്ക്ക്**

**വൈദ്യുതി ഉപഭോഗം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . കെ .ഡി .പ്രസേനൻ ,<br>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി,<br>ശ്രീ. എ. രാജ,<br>ശ്രീ ജി സ്റ്റീഫൻ | | Shri. K. Krishnankutty<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ആവർത്തിച്ചുണ്ടായ പ്രളയവും കോവിഡ് രോഗ വ്യാപനവും ഊർജ്ജമേഖലയെ എപ്രകാരമെല്ലാമാണ് പ്രതികൂലമായി ബാധിച്ചിട്ടുള്ളതെന്ന് പരിശോധിച്ചിട്ടുണ്ടോ; | (എ) | 2018, 19 വർഷങ്ങളിലെ മഹാപ്രളയവും പ്രകൃതി ദുരന്തങ്ങളും കോവിഡ് രോഗവ്യാപനവും വൈദ്യുതി വിതരണ മേഖലയെയും ഉപഭോഗത്തെയും വളരെയധികം പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു: 2018, 19 വർഷങ്ങളിലെ മഹാപ്രളയവും പ്രകൃതി ദുരന്തങ്ങളും മൂലം വിതരണ ട്രാൻസ്ഫോർമറുകൾ പ്രളയജലത്തിൽ മുങ്ങുകയോ, കേട്ടപാടുകൾ സംഭവിക്കുകയോ ചെയ്യുകയും, പ്രളയജലത്തിന്റെ കുത്തൊഴുക്കിൽ പോസ്റ്റുകളും വൈദ്യുതമീറ്ററുകളും ഉൾപ്പടെ വിതരണ ശൃംഖലയ്ക്ക് കാര്യമായ കേടുപാടുകൾ സംഭവിക്കുകയും, ഇവ മൂലം കെ.എസ്.ഇ.ബി.എൽ.നു വലിയ തോതിൽ സാമ്പത്തിക ബാധ്യത ഉണ്ടാവുകയും ചെയ്തിട്ടുണ്ട്. കൂടാതെ വൈദ്യുതി കമ്പികൾ പൊട്ടിവീണുള്ള അപകടസാധ്യത മുന്നിൽക്കണ്ടുകൊണ്ട് പല ട്രാൻസ്ഫോർമറുകളും താല്കാലികമായി സ്വിച്ച്ഓഫ് ചെയ്യേണ്ടിവന്നിരുന്നു. ഇക്കാരണങ്ങളാൽ ഉപഭോക്താക്കൾക്ക് വ്യാപകമായ രീതിയിൽ വൈദ്യുതിതടസ്സം നേരിടുകയും ഈ സമയങ്ങളിൽ സംസ്ഥാനത്തെ വൈദ്യുതി ഉപഭോഗം കുറയുകയും ചെയ്തിട്ടുണ്ട്. 2018 ഓഗസ്റ്റ് മാസം ഉണ്ടായ പ്രളയത്തിലും തുടർന്നുണ്ടായ ഉരുൾപൊട്ടലിലും വൈദ്യുതി ഉത്പാദന മേഖലയിൽ കാര്യമായ നാശനഷ്ടം സംഭവിച്ചിരുന്നു. കെ.എസ്.ഇ.ബി യുടെ കീഴിലുള്ള അഞ്ച് പ്രധാന ജലവൈദ്യുത പദ്ധതികൾക്കും, 14 ചെറുകിട ജലവൈദ്യുത പദ്ധതികൾക്കും കാര്യമായ നാശനഷ്ടം സംഭവിച്ചിരുന്നു. കൂടാതെ, നിർമ്മാണ ഘട്ടത്തിലിരിക്കുന്ന തോട്ടിയാർ ജലവൈദ്യുത പദ്ധതിക്ക് വേണ്ടി ഇറക്കുമതി ചെയ്തു സൂക്ഷിച്ചിരുന്ന ഉപകരണങ്ങൾ ഏകദേശം എല്ലാംതന്നെ |

| | | | |
|---|---|---|---|
| | | | വെള്ളത്തിൽ മുങ്ങി നശിച്ച അവസ്ഥയിലുമായിരുന്നു. 2019-ലെ പ്രളയത്തിലും കെ.എസ്.ഇ.ബിയുടെ പ്രധാന ജലവൈദ്യുത നിലയങ്ങളിൽ ഒന്നായ കക്കയത്ത് മൂന്ന് ജനറേറ്ററുകളുടെ പ്രവർത്തനം പൂർണ്ണമായും നിലച്ച സ്ഥിതിയിലായിരുന്നു. ഇത് കൂടാതെ ചെമ്പ്കടവ് I & II, ആഡ്യൻപാറ, ഉറുമി I & II, വിലങ്ങാട്, കുറ്റിയാടി തുടങ്ങി 7 ചെറുകിട ജലവൈദ്യുത നിലയങ്ങൾക്കും, ബാരപോൾ കനാൽ തീരത്തുള്ള സോളാർ നിലയത്തിനും കാര്യമായ കേടുപാടുകൾ ഉണ്ടായിട്ടുണ്ട്. കോവിഡ് മഹാമാരിയെത്തുടർന്ന് ഉൽപാദന നിലയങ്ങളിലെ അറ്റകുറ്റപ്പണികൾക്കും, നിർമ്മാണത്തിലിരുന്ന വൈദ്യുത നിലയങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കും കാലതാമസം നേരിട്ടിട്ടുണ്ട്. കോവിഡ് രോഗ വ്യാപനത്തെ തുടർന്നുണ്ടായ ലോക്ക്ഡൗൺ മൂലം സാധന സാമഗ്രികളുടെ ലഭ്യതയ്ക്ക് കുറവ് നേരിടുകയും വിതരണ വിഭാഗത്തിൽ ആസൂത്രണം ചെയ്ത പ്രവൃത്തികൾ സമയ ബന്ധിതമായിട്ട് പൂർത്തിയാക്കുന്നതിന് തടസ്സം നേരിടുകയും ചെയ്തിട്ടുണ്ട്. സെക്ഷൻ ഓഫീസുകളിലെ ജീവനക്കാർക്ക് ഫീൽഡ് സന്ദർശനത്തിൽ നിയന്ത്രണമുള്ളതിനാൽ റീഡിങ് എടുത്ത് ബിൽ കൊടുക്കുന്നതുൾപ്പെടെ, ഉപഭോക്താക്കൾക്കുള്ള വിവിധ സേവനങ്ങൾ ലഭ്യമാക്കുന്നതിൽ തടസ്സം/ കാലതാമസം ഉണ്ടായിട്ടുണ്ട്. കോവിഡ്19 വ്യാപനം അതിരൂക്ഷമായതിനെത്തുടർന്ന് ജീവനക്കാർ രോഗബാധിതരാകുകയും, ഇവരുമായി സമ്പർക്കത്തിൽ വന്നിട്ടുള്ള ജീവനക്കാർക്ക് പിന്നീട് രോഗം സ്ഥിരീകരിക്കുകയും ചെയ്തതിനാൽ ചില ഓഫീസുകൾ താത്കാലികമായി അടച്ചിടേണ്ട സാഹചര്യം ഉണ്ടായിട്ടുണ്ട്. കൂടാതെ അവശ്യ സേവനങ്ങൾ ഒഴികെയുള്ള വാണിജ്യ വ്യവസായ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾക്ക് നിയന്ത്രണമുള്ളതിനാൽ അവയിൽനിന്നുള്ള വൈദ്യുതി ചാർജ്ജിനത്തിലും, സാധാരണ ജനങ്ങൾക്കുള്ള വരുമാന ലഭ്യതയിൽ കുറവ് വന്നതിനാൽ ഉപഭോഗത്തിനനുസൃതമായി നൽകിയിട്ടുള്ള ബിൽ തുക പിരിഞ്ഞുകിട്ടുന്നതിലും ഗണ്യമായ കുറവ് നേരിടുന്നുണ്ട്. കൂടാതെ ഒന്നാം ലോക്ക്ഡൗണിനെ തുടർന്ന് വിവിധ വിഭാഗത്തിൽപ്പെട്ട ഉപഭോക്താക്കൾക്ക് ബിൽ തുകയിൽ ഇളവുകൾ നൽകിയതിനെത്തുടർന്ന് കെ.എസ്.ഇ.ബി.എൽ.നു കടുത്ത സാമ്പത്തികബാധ്യത ഉണ്ടായിട്ടുണ്ട്. |
| (ബി) | ലോക് ഡൗൺ സമയത്ത് സംസ്ഥാനത്ത് വൈദ്യുതിയുടെ ഉപഭോഗത്തിൽ ഗണ്യമായ | (ബി) | 2018, 19 വർഷങ്ങളിലെ മഹാപ്രളയവും പ്രകൃതി ദുരന്തങ്ങളും കോവിഡ് രോഗവ്യാപനവും വൈദ്യുതി |

| | | | |
|---|---|---|---|
| | വ്യത്യാസം ഉണ്ടായിട്ടുണ്ടോ; | | വിതരണ മേഖലയെയും ഉപഭോഗത്തെയും വളരെയധികം പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു: 2018, 19 വർഷങ്ങളിലെ മഹാപ്രളയവും പ്രകൃതി ദുരന്തങ്ങളും മൂലം വിതരണ ട്രാൻസ്ഫോർമറുകൾ പ്രളയജലത്തിൽ മുങ്ങുകയോ, കേടുപാടുകൾ സംഭവിക്കുകയോ ചെയ്യുകയും, പ്രളയജലത്തിന്റെ കുത്തൊഴുക്കിൽ പോസ്റ്റുകളും വൈദ്യുതമീറ്ററുകളും ഉൾപ്പടെ വിതരണ ശൃംഖലയ്ക്ക് കാര്യമായ കേടുപാടുകൾ സംഭവിക്കുകയും, ഇവ മൂലം കെ.എസ്.ഇ.ബി.എൽ.നു വലിയ തോതിൽ സാമ്പത്തിക ബാധ്യത ഉണ്ടാവുകയും ചെയ്തിട്ടുണ്ട്. കൂടാതെ വൈദ്യുതി കമ്പികൾ പൊട്ടിവീണുള്ള അപകടസാധ്യത മുന്നിൽക്കണ്ടുകൊണ്ട് പല ട്രാൻസ്ഫോർമറുകളും താല്കാലികമായി സ്വിച്ച്ഓഫ് ചെയ്യേണ്ടിവന്നിരുന്നു. ഇക്കാരണങ്ങളാൽ ഉപഭോക്താക്കൾക്ക് വ്യാപകമായ രീതിയിൽ വൈദ്യുതിതടസ്സം നേരിടുകയും ഈ സമയങ്ങളിൽ സംസ്ഥാനത്തെ വൈദ്യുതി ഉപഭോഗം കുറയുകയും ചെയ്തിട്ടുണ്ട്. 2018 ഓഗസ്റ്റ് മാസം ഉണ്ടായ പ്രളയത്തിലും തുടർന്നുണ്ടായ ഉരുൾപൊട്ടലിലും വൈദ്യുതി ഉത്പാദന മേഖലയിൽ കാര്യമായ നാശനഷ്ടം സംഭവിച്ചിരുന്നു. കെ.എസ്.ഇ.ബി യുടെ കീഴിലുള്ള അഞ്ച് പ്രധാന ജലവൈദ്യുത പദ്ധതികൾക്കും, 14 ചെറുകിട ജലവൈദ്യുത പദ്ധതികൾക്കും കാര്യമായ നാശനഷ്ടം സംഭവിച്ചിരുന്നു. കൂടാതെ, നിർമ്മാണ ഘട്ടത്തിലിരിക്കുന്ന തോട്ടിയാർ ജലവൈദ്യുത പദ്ധതിക്ക് വേണ്ടി ഇറക്കുമതി ചെയ്തു സൂക്ഷിച്ചിരുന്ന ഉപകരണങ്ങൾ ഏകദേശം എല്ലാംതന്നെ വെള്ളത്തിൽ മുങ്ങി നശിച്ച അവസ്ഥയിലുമായിരുന്നു. 2019-ലെ പ്രളയത്തിലും കെ.എസ്.ഇ.ബിയുടെ പ്രധാന ജലവൈദ്യുത നിലയങ്ങളിൽ ഒന്നായ കക്കയത്ത് മൂന്ന് ജനറേറ്ററുകളുടെ പ്രവർത്തനം പൂർണ്ണമായും നിലച്ച സ്ഥിതിയിലായിരുന്നു. ഇത് കൂടാതെ ചെമ്പ്കടവ് I & II, ആഢ്യൻപാറ, ഉറുമി I & II, വിലങ്ങാട്, കുറ്റിയാടി തുടങ്ങി 7 ചെറുകിട ജലവൈദ്യുത നിലയങ്ങൾക്കും, ബാരപോൾ കനാൽ തീരത്തുള്ള സോളാർ നിലയത്തിനും കാര്യമായ കേടുപാടുകൾ ഉണ്ടായിട്ടുണ്ട്. കോവിഡ് മഹാമാരിയെത്തുടർന്ന് ഉൽപാദന നിലയങ്ങളിലെ അറ്റകുറ്റപ്പണികൾക്കും, നിർമ്മാണത്തിലിരുന്ന വൈദ്യുത നിലയങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കും കാലതാമസം നേരിട്ടിട്ടുണ്ട്. കോവിഡ് രോഗ വ്യാപനത്തെ തുടർന്നുണ്ടായ ലോക്ക്ഡൗൺ മൂലം സാധന സാമഗ്രികളുടെ ലഭ്യതയ്ക്ക് കുറവ് നേരിടുകയും വിതരണ വിഭാഗത്തിൽ |

| | | | |
|---|---|---|---|
| | | | ആസൂത്രണം ചെയ്ത പ്രവൃത്തികൾ സമയ ബന്ധിതമായിട്ട് പൂർത്തിയാക്കുന്നതിന് തടസ്സം നേരിടുകയും ചെയ്തിട്ടുണ്ട്. സെക്ഷൻ ഓഫീസുകളിലെ ജീവനക്കാർക്ക് ഫീൽഡ് സന്ദർശനത്തിൽ നിയന്ത്രണമുള്ളതിനാൽ റീഡിങ് എടുത്ത് ബിൽ കൊടുക്കുന്നതുൾപ്പെടെ, ഉപഭോക്താക്കൾക്കുള്ള വിവിധ സേവനങ്ങൾ ലഭ്യമാക്കുന്നതിൽ തടസ്സം/ കാലതാമസം ഉണ്ടായിട്ടുണ്ട്. കോവിഡ്19 വ്യാപനം അതിരൂക്ഷമായതിനെത്തുടർന്ന് ജീവനക്കാർ രോഗബാധിതരാകുകയും, ഇവരുമായി സമ്പർക്കത്തിൽ വന്നിട്ടുള്ള ജീവനക്കാർക്ക് പിന്നീട് രോഗം സ്ഥിരീകരിക്കുകയും ചെയ്തതിനാൽ ചില ഓഫീസുകൾ താത്കാലികമായി അടച്ചിടേണ്ട സാഹചര്യം ഉണ്ടായിട്ടുണ്ട്. കൂടാതെ അവശ്യ സേവനങ്ങൾ ഒഴികെയുള്ള വാണിജ്യ വ്യവസായ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾക്ക് നിയന്ത്രണമുള്ളതിനാൽ അവയിൽനിന്നുള്ള വൈദ്യുതി ചാർജ്ജിനത്തിലും, സാധാരണ ജനങ്ങൾക്കുള്ള വരുമാന ലഭ്യതയിൽ കുറവ് വന്നതിനാൽ ഉപഭോഗത്തിനനുസൃതമായി നൽകിയിട്ടുള്ള ബിൽ തുക പിരിഞ്ഞുകിട്ടുന്നതിലും ഗണ്യമായ കുറവ് നേരിടുന്നുണ്ട്. കൂടാതെ ഒന്നാം ലോക്ക്ഡൗണിനെ തുടർന്ന് വിവിധ വിഭാഗത്തിൽപ്പെട്ട ഉപഭോക്താക്കൾക്ക് ബിൽ തുകയിൽ ഇളവുകൾ നൽകിയതിനെത്തുടർന്ന് കെ.എസ്.ഇ.ബി.എൽ.നു കടുത്ത സാമ്പത്തികബാധ്യത ഉണ്ടായിട്ടുണ്ട്. |
| (സി) | ലോക് ഡൗൺ കാലയളവിൽ വൈദ്യുതി ബിൽ അടയ്ക്കുന്നത് സംബന്ധിച്ച് എന്തെല്ലാം ഇളവുകളാണ് അനുവദിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ? | (സി) | വ്യവസായിക/വാണിജ്യ ഉപഭോക്താക്കൾക്കും, പ്രൈവറ്റ് ഹോസ്പിറ്റലുകൾക്കും 2020 മാർച്ച്, ഏപ്രിൽ, മെയ് മാസങ്ങളിൽ ബാധകമായ നിശ്ചിത നിരക്കിന്റെ (ഫിക്സഡ് ചാർജ്ജ്)25% ഇളവ് നൽകുകയും ബാക്കി തുകയായ(75%) 15.12.2020 വരെ പലിശ ഈടാക്കാതെ മാറ്റി വയ്ക്കുകയും ചെയ്തിട്ടുണ്ട്. ലോക്ക്ഡൗൺ കാലയളവിൽ നൽകിയ എല്ലാ ഉയർന്ന ബില്ലുകൾക്കും തവണകളായി തുക അടയ്ക്കുവാനുള്ള സൗകര്യം അനുവദിക്കുകയും, വൈദ്യുതി ബിൽ അടക്കുന്നതിൽ താമസം നേരിട്ടാൽ ഈടാക്കിയിരുന്ന പലിശ കെ.എസ്.ഇ.ബി 31 ഡിസംബർ 2020 വരെ ഒഴിവാക്കുകയും ചെയ്തിരുന്നു. കോവിഡ്-19 പശ്ചാത്തലത്തിൽ സിനിമാ തിയേറ്ററുകൾ അടഞ്ഞു കിടന്ന കാലയളവിൽ ബാധകമായ നിശ്ചിത നിരക്കിന്റെ (ഫിക്സഡ് ചാർജ്ജ്) 50% ഇളവ് നൽകുകയും, തവണകളായി തുക അടയ്ക്കുവാനുള്ള സൗകര്യം അനുവദിക്കുകയും, ചെയ്തിട്ടുണ്ട്. ഓൺലൈനായി ബിൽതുക അടയ്ക്കുമ്പോൾ ഈടാക്കിയിരുന്ന ഇടപാട് നിരക്കുകൾ |

| | | | |
|---|---|---|---|
| | | | (Transaction charges)ഒഴിവാക്കിയിരുന്നു. കോവിഡ്-19 പശ്ചാത്തലത്തിൽ സംസ്ഥാന സർക്കാർ നിർദ്ദേശപ്രകാരം, 2020 ഏപ്രിൽ 20 മുതൽ 2020 ജൂൺ 19 വരെ ഗാർഹിക ഉപഭോക്താക്കൾക്ക് നൽകിയ ബിൽ തുകയിൽ പ്രത്യേക സബ്സിഡിയും നൽകിയിരുന്നു . കോവിഡ് രണ്ടാം വ്യാപനം മൂലമുള്ള ലോക്ക്ഡൗൺ കാരണം, വൈദ്യുതി മോഷണം, അപകടങ്ങൾ എന്നിവയൊഴികെയുള്ള സാഹചര്യങ്ങളിൽ വൈദ്യുതി കണക്ഷനുകൾ വിച്ഛേദിക്കുന്നത് താൽക്കാലികമായി നിർത്തിവച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ